I/21917/2024

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**

(ഹാജർ: ബി.സുരേന്ദ്രൻ പിള്ള)

| | |
|---|---|
| വിഷയം:- | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2024 ഫെബ്രുവരി 22 (വ്യാഴം)-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ്- സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 29/01/2024-ലെ 03/2024/സം.തി.ക മുതൽ 08/2024/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ |

നമ്പർ : ബി2/237/2023/സം.തി.ക തീയതി: 09-02-2024

**<u>ഉത്തരവ്</u>**

1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31 (2) ചട്ടവും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31 (2) ചട്ടവും പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടെയോ മുമ്പാകെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആയതിനാൽ **2024 ഫെബ്രുവരി 22 (വ്യാഴം)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടെയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്.
2. പാസ്പോർട്ട്.
3. ഡ്രൈവിംഗ് ലൈസൻസ്.
4. പാൻ കാർഡ്.
5. ആധാർ കാർഡ്.
6. ഫോട്ടോ പതിച്ചുള്ള എസ്.എസ്.എൽ.സി ബുക്ക്.
7. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്.
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്.

Signed by
Surendran Pillai B
Date: 09-02-2024 11:15:09

Surendran Pillai B
SECRETARY

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി,

I/21917/2024

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ
ബന്ധപ്പെട്ട വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും
(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)
ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക് (വരണാധികാരികൾ മുഖേന)
പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാർക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക.
കമ്പ്യൂട്ടർ പ്രോഗ്രാമർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

---